**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5962 07/07/2014-ൽ മറുപടിയ്ക്ക്

# അടുക്കള കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു. കുരുവിള<br>'' തോമസ്സ് ഉണ്ണിയാടൻ<br>'' മോൻസ് ജോസഫ്<br>'' സി. എഫ്. തോമസ് | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും**<br>**അച്ചടിയും സ്റ്റേഷനറിയും**<br>**വകുപ്പു മന്ത്രി)** |
| എ) വിവിധയിനം പഴങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) 2014-15 സാമ്പത്തിക വർഷത്തെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 200 ഹെക്ടർ സ്ട്രോബറി, 1500 ഹെക്ടർ വാഴ, 1500 ഹെക്ടർ കൈതച്ചക്ക, 750 ഹെക്ടർ ടിഷ്യുക്കൾച്ചർ വാഴ, 100 ഹെക്ടർ പപ്പായ, 300 ഹെക്ടർ മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം എന്നിവയുടെ ഹൈടെൻസിറ്റി പ്ലാന്റിംഗ്, 750 ഹെക്ടർ മാവ് എന്നിവ കൃഷി ചെയ്യുവാൻ ലക്ഷ്യമിടുന്നു. വാഴയ്ക്കും കൈതച്ചക്കയ്ക്കും ഹെക്ടർ ഒന്നിന് 26250/- രൂപയും, സ്ട്രോബറിയ്ക്ക് 50,000/- രൂപയും, പപ്പായയ്ക്ക് 22,500/- രൂപയും, ടിഷ്യുക്കൾച്ചർ വാഴയ്ക്ക് 37,500/- രൂപയും, ഹൈടെൻസിറ്റി പ്ലാന്റിംഗിന് 24,000/- രൂപയും, മാവിന് 18,000/- രൂപയും ധനസഹായം നൽകുന്നു. വാഴ, കൈതച്ചക്ക, പപ്പായ, സ്ട്രോബറി, ടിഷ്യുക്കൾച്ചർ വാഴ എന്നിവയ്ക്ക് പരമാവധി 4 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നതിനാണ് ധനസഹായം നൽകുന്നത്.<br><br>വിവിധയിനം പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി കാക്കനാട്ടുള്ള വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആസ്ഥാനത്ത് "കൃഷി ബിസിനസ്സ് കേന്ദ്ര" പ്രവർത്തിച്ചു വരുന്നു. വിവിധയിനം ഫല വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ ഇവിടെ |

നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. നടീൽ, പരിചരണം, സംരക്ഷണം സംബന്ധിച്ച് ബോധവൽക്കരണവും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നൽകി വരുന്നു.

ബി) അടുക്കള കൃഷിതോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പാക്കുമോ;

ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 20 രൂപ വിലവരുന്ന വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ വിത്തു കിറ്റുകൾ നൽകുന്നു. സ്കൂൾ വിദ്യാർത്ഥികൾ മുഖേന 50 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും, വീട്ടമ്മമാർ മുഖേന 5 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും അടുക്കള കൃഷിതോട്ടം നിർമ്മിക്കുന്നതിന് നൽകുന്നു. ഇതിനായി പച്ചക്കറി വികസന പദ്ധതി പ്രകാരം 500 ലക്ഷം രൂപയും ആർ.കെ.വി.വൈ പദ്ധതി പ്രകാരം 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ശീതകാല പച്ചക്കറി വിളകൾ ഉൾപ്പെടെ 181.82 ലക്ഷം പച്ചക്കറി തൈകൾ പച്ചക്കറി കൃഷിയ്ക്കായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 400 ലക്ഷം രൂപ ആർ.കെ.വി.വൈ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്.

മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പച്ചക്കറി വികസന പദ്ധതി പ്രകാരം "അർബൻ ക്ലസ്റ്റർ വികസനം" എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം നഗര/നഗര പ്രാന്ത പ്രദേശങ്ങളിൽ മട്ടുപ്പാവ് കൃഷിയ്ക്കായി 25 ഗ്രോബാഗുകൾ അടങ്ങുന്ന 2000 രൂപ വിലയുള്ള ഗ്രോബാഗ് യൂണിറ്റുകൾ 500 രൂപയ്ക്ക് വിതരണം ചെയ്യുന്നു. ബാക്കി 1500 രൂപ ധനസഹായമായി നൽകും. ഗ്രോബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ചാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരളാ വിത്തു വികസന അതോറിറ്റി, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നത്. നടപ്പു വർഷം സംസ്ഥാനത്തൊട്ടാകെ 28334 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ മട്ടുപ്പാവ് കൃഷിക്ക് നൽകിയ ഗ്രോബാഗുകളുടെ പുനരുജ്ജീവനത്തിന് വിത്ത്, തൈകൾ,

ജൈവ/ജീവാണു വളങ്ങൾ എന്നിവയും നൽകുന്നു. ഈ പ്രവർത്തനങ്ങൾക്കായി ആകെ 525 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ അടുക്കള കൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിനായി 2004 മുതൽ "ഹരിത നഗരി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

| | |
|---|---|
| സി) എങ്കിൽ വിത്തുകൾ, വളം എന്നിവ ലഭ്യമാക്കുമോ? | സി) പുരയിടങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 55 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും 181.82 ലക്ഷം പച്ചക്കറി തൈകളും നൽകും. മട്ടുപ്പാവ് കൃഷിയ്ക്ക് ഗ്രോബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ മട്ടുപ്പാവ് കൃഷിക്ക് നൽകിയ ഗ്രോബാഗുകളുടെ പുനരുജ്ജീവനത്തിന് വിത്ത്, തൈകൾ, ജൈവ/ജീവാണു വളങ്ങൾ എന്നിവ നൽകുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവയും ചാണകപ്പൊടി, വേപ്പിൻ പിണ്ണാക്ക്, മണ്ണിര കമ്പോസ്റ്റ്, കയർ പിത്ത് കമ്പോസ്റ്റ് തുടങ്ങിയ ജൈവവളങ്ങളും "കൃഷി ബിസിനസ്സ് കേന്ദ്ര" വഴി ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ